**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **28-07-2021 - ൽ മറുപടിയ്ക്ക്**

**വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (എ) | വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിൽ ആകെ 18 ഒഴിവുകളുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | 9 ഒഴിവുകൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിരുന്നു. വകുപ്പിൽ നിന്നും 4 ജീവനക്കാർ വിടുതൽ ചെയ്തതു വഴിയും 16.07.2021-ന് 3 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയതു വഴിയും ഉണ്ടായ 7 ഒഴിവുകൾ പി.എസ്.സി.ക്കും 2 ഒഴിവുകൾ കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിലേക്കും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കാറ്റഗറി 457/2016 ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി എന്നും അറിയിക്കാമോ? | (സി) | കാറ്റഗറി 457/2016 പ്രകാരമുള്ള വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റ് 03.03.2020 ലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ലിസ്റ്റിന്റെ കാലാവധി 02.03.2023 ൽ അവസാനിക്കും. ടി ലിസ്റ്റിൽ നിന്നും 64 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നു. 08.05.2020 മുതൽ 29.06.2021 വരെയുള്ള നിയമന ശിപാർശകളിൽ 62 പേർക്ക് നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. 12പേർ ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ ഈ ഒഴിവുകൾ NJD ആയി പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ